# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3328 19.06.2018 ൽ മറുപടിയ്ക്ക്

### ഡ്രൈവിങ്ങ് സ്കൂൾ വാഹനങ്ങൾക്ക് നിറം ഏർപ്പെടുത്തുവാൻ നടപടി

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഡ്രൈവിങ്ങ് സ്കൂൾ വാഹനങ്ങൾ അശ്രദ്ധമായി ഓടിക്കുന്നതു മൂലമുണ്ടാവുന്ന വാഹന അപകടങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സിയ്ക്കും പ്രൈവറ്റ് ബസ്സു കൾക്കും മറ്റ് ടാക്സി വാഹനങ്ങൾക്കും പ്രത്യേക നിറങ്ങൾ നല്കുന്നതുപോലെ ഡ്രൈവിങ്ങ് സ്കൂൾ വാഹനങ്ങൾക്കും ഒരു പ്രത്യേക നിറം ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) യും (സി) യും | 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 3(സി) പ്രകാരം ഡ്രൈവിംഗ് പരിശീലനത്തിന് ഉപയോഗിക്കുന്ന വാഹനത്തെ തിരിച്ചറിയുന്നതിനായി പ്രസ്തുത വാഹനത്തിന്റെ മുൻവശത്തും പിറക് വശത്തും 'L' എന്ന ഇംഗ്ലീഷ് അക്ഷരം വെളുത്ത പ്രതലത്തിൽ ചുവന്ന നിറത്തിൽ പ്രദർശിപ്പിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ ഈ മാനദണ്ഡമാണ് പാലിച്ച് പോരുന്നത്. കൂടാതെ ഡ്രൈവിംഗ് സ്കൂൾ പരിശീലന വാഹനങ്ങളെ വളരെ ദൂരെ നിന്നും വേഗത്തിൽ തിരിച്ചറിയുന്നതിനായി പ്രസ്തുത വാഹനത്തിന് മുകളിൽ ത്രികോണാകൃതിയിൽ വെളുത്ത പ്രതലത്തിൽ 'L' എന്ന അക്ഷരം ചുവന്ന നിറത്തിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കുന്നുണ്ട്. ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങളിലെല്ലാം തന്നെ മേൽപ്പറഞ്ഞ രീതിയിൽ 'L' എന്ന അക്ഷരം പ്രദർശിപ്പിക്കുന്നതിനാൽ മറ്റു വാഹനങ്ങളിലെ യാത്രക്കാർക്കും കാൽനടയാത്രക്കാർക്കും ഇത്തരം വാഹനങ്ങളെ തിരിച്ചറിയുന്നതിന് യാതൊരു ബുദ്ധിമുട്ടും നിലവിലില്ല. 1989 -ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 24(3)(v) പ്രകാരം ഡ്രൈവിംഗ് പരിശീലനത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിലെല്ലാം തന്നെ പരിശീലകന് വാഹനം നിയന്ത്രിക്കുന്നതിനും ആവശ്യമെങ്കിൽ നിർത്തുന്നതിനുമായി ഡ്യുവൽ കൺട്രോൾ സിസ്റ്റം ഘടിപ്പിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സൗകര്യം ഉള്ളതിനാൽ അപകടം എന്തെങ്കിലും സംഭവിക്കുവാൻ ഇടയുണ്ടെങ്കിൽ ആയത് മുൻകൂട്ടി കണ്ട് നിയന്ത്രിക്കുന്നതിന് പരിശീലകന് കഴിയും. മേൽ നിബന്ധനകൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കി വരുന്നു. ആയത് കൊണ്ട് ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾ തിരിച്ചറിയുന്നതിന് പ്രത്യേക നിറം നൽകുന്ന കാര്യം പരിഗണിക്കേണ്ട സാഹചര്യമുണ്ടെന്ന് കരുതുന്നില്ല. എന്നിരുന്നാലും ഡ്രൈവിംഗ് സ്കൂളുകളുടെ വാഹനങ്ങൾക്ക് പ്രത്യേക നിറം നൽകേണ്ടതുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ഇതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ